## പതിമൂന്നാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3302
### 14.07.2015- ലെ മറുപടിക്ക്

### പേരാമ്പ്ര നിയോജക മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്

| ചോദ്യം<br>**ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ** | ഉത്തരം<br>**ഡോ. റ്റി. എം. തോമസ് ഐസക്<br>(ധനകാര്യവും, കയറും വകുപ്പ് മന്ത്രി)** |
|---|---|
| (എ) പേരാമ്പ്ര നിയോജക മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽ എത്ര തുകയാണ് നീക്കിവച്ചിരിക്കുന്നതെന്നും അവയിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയെന്നും ഓരോ പ്രവൃത്തിക്കും എത്ര തുകയാണെന്നും ഇനി എത്ര തുക അവശേഷിക്കുന്നു എന്നും വ്യക്തമാക്കുമോ? | ആസ്തി വികസന പദ്ധതിയുടെ മാർഗ നിർദ്ദേശമനുസരിച്ച് ഓരോ നിയോജക മണ്ഡലത്തിന്റെയും ആസ്തി വികസനത്തിനായി ഓരോ സാമ്പത്തിക വർഷവും 5 കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്. 2012-13 മുതൽ 2015-16 വരെയുള്ള കാലയളവിൽ ആസ്തി വികസന പദ്ധതിയിൻ കീഴിൽ പേരാമ്പ്ര നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്നതിനായി 13 പ്രവൃത്തികൾക്ക് അതത് ഭരണവകുപ്പിൽ നിന്നും ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. ഇനി അവശേഷിക്കുന്ന തുക 888 ലക്ഷം രൂപയാകുന്നു. |

**അക്കൗണ്ട്സ് ഓഫീസർ**